പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 44 — 8.6.2015 ൽ മറുപടിയ്ക്ക്

**ജനസമ്പർക്ക പരിപാടി**

ചോദ്യം
ശ്രീ.കെ. രാധാകൃഷ്ണൻ

മറുപടി
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി എത്ര ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിച്ചു എന്ന് വ്യക്തമാക്കാമോ; | എ) മൂന്ന് |
| ബി) ഓരോ ജനസമ്പർക്ക പരിപാടിയിലും ലഭിച്ച അപേക്ഷകൾ എത്രയാണെന്നും ഏതെല്ലാം വകുപ്പുകളിൽ എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | ബി) ഒന്നാംഘട്ടത്തിൽ 5,50,001 അപേക്ഷകളും, രണ്ടാംഘട്ടത്തിൽ 3,21,019 അപേക്ഷകളും മൂന്നാംഘട്ടത്തിൽ 3,58,677 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള അപേക്ഷകളുടെ എണ്ണം ലഭ്യമല്ല. |
| സി) ഇവയിൽ തീർപ്പാക്കിയ അപേക്ഷകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; | സി) ഒന്നാംഘട്ടത്തിൽ 5,01,359 അപേക്ഷകളും രണ്ടാംഘട്ടത്തിൽ 3,20,722 അപേക്ഷകളും മൂന്നാംഘട്ടത്തിൽ 1,49,785 അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. |
| ഡി) ജനസമ്പർക്ക പരിപാടികളിൽ തീരുമാനമാകാത്ത അപേക്ഷ, തുടർന്നുള്ള പരിപാടികളിൽ സമർപ്പിക്കുന്നതായി അറിയുമോ;<br><br>ഇ) ഇപ്രകാരം അപേക്ഷകൾ തീർപ്പാക്കാതിരിക്കുവാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (ഡി)+(ഇ)<br>നിയമപരമായി തീർപ്പാക്കാൻ സാധിക്കാത്തവ, കോടതി പരിഗണനയിലുള്ളവ, സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമായവ തുടങ്ങിയ അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്. |
| എഫ്) ചികിത്സാ ധനസഹായം ഒഴികെയുള്ള അപേക്ഷകളിൽ ഭൂരിഭാഗവും തീർപ്പായിട്ടില്ലെന്ന പരാതി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | എഫ്) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ ചില ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചും ഭേദഗതി വരുത്തിയും 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

Kuriakose

സെക്ഷൻ ഓഫീസർ